# അമേരിക്കൻ കഥകൾ

## മിനികഥകൾ ഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി അമേരിക്കൻ കഥകൾ പറയാൻ തുടങ്ങി. അമേരിക്കയിൽ താമസിക്കുന്ന മലയാളികളുടെ കഥയെയാണ് ചുരുക്കി അമേരിക്കൻ കഥകൾ എന്നാക്കിയത്.

അന്നച്ചി പറയുന്നത് ചില വിവരദോഷികൾ അമേരിക്കയിൽ താമസിക്കുന്ന മലയാളികളെയെല്ലാം പ്രവാസി മലയാളികൾ എന്നു വിളിക്കുന്നത് ശരിയാണോയെന്നാണ്! അമേരിക്കയിൽ താമസിക്കുന്നവരെല്ലാം കുടിയേറ്റക്കാരെന്നാണ് അന്നച്ചി.

ഇത് അന്പതു വർഷങ്ങൾക്കു മുൻപു മുതൽ അമേരിക്കയിൽ താമസിക്കുന്ന പല മലയാളികളുടേയും കഥകളാണ്. അവയെ ഇന്നത്തേതുമായി താരതമ്യപ്പെടുത്തുവാൻ ശ്രമിക്കരുതെന്നപേക്ഷയുമായാണ് തുടക്കം.

തങ്കമ്മ അമേരിക്കയിൽ ആദ്യമായാണ് ജീവിതം തുടങ്ങാൻ പോകുന്നത്. രാത്രി ഏകദേശം ഒന്നര മണിയോടുകൂടിയാണ് ആ സ്ഥലത്ത് അവൾ എത്തിച്ചേരുന്നത്. വിമാനം ഇറങ്ങി പല പല ചോദ്യോത്തര പരിപാടികളും കഴിഞ്ഞ് വെളിയിൽ വന്നപ്പോൾ രാത്രി ഒന്നരയും കഴിഞ്ഞു. ഒരു പെട്ടിയും ഒരു എയർ ബാഗുമായി അവൾ വെളിയിൽ വന്നപ്പോൾ അന്നച്ചിയും കൂടെ ചിന്നമ്മച്ചിയും ഭർത്താവും ഉണ്ട്.

തങ്കമ്മ ജീവിതത്തിൽ ആദ്യമായാണ് ചിന്നമ്മച്ചിയെ കാണുന്നത്. അന്നച്ചിയുടെ ഏറ്റവും അടുത്ത കൂട്ടുകാരിയാണ് എന്ന് പിന്നീട് മനസ്സിലായി.

''നീ ചിന്നമ്മച്ചിയുടെ കൂടെ പൊയ്ക്കോ. നാളെ ഞാൻ വന്നു കണ്ടോളാം.'' അന്നച്ചി വണ്ടിയിൽ കയറി പോയി.

തങ്കമ്മയുടെ നെഞ്ചത്ത് മുലകൾക്ക് മുകളിൽ മൊട്ട വെച്ചാൽ കുഞ്ഞുങ്ങൾ വെളിയിൽ വരും അത്ര ഭയചകിതയായാണ്. അന്നച്ചിയുടെ അടുക്കലേക്കാണല്ലോ വരുന്നത് എന്നാശ്വാസത്തിൽ വന്നത്, ഇപ്പോൾ ഈ അർദ്ധരാത്രിയിൽ ഈ അപരിചിതമായ സ്ഥലത്ത് ഈ അപരിചിതരുടെ കൂടെ ആയപ്പോൾ അടിപാവാടയിൽ ഉപ്പുരസമുള്ള നനവു പറ്റി. എന്തായാലും മലയാളികളാണല്ലോ എന്ന് ഇളമനസ്സിൽ ഒരു ചെറിയ ആശ്വാസമുള്ളത് നിശ്വാസമായ് പുറത്തു പോകുന്നുണ്ട്.

''ഞങ്ങൾക്ക് രണ്ടു പേർക്കും കാലത്ത് ജോലിക്കു പോകേണ്ടതാണ്. നാളെ വിശദമായി സംസാരിക്കാം.'' ഭക്ഷണങ്ങൾ ഫ്രിട്ജിൽ നിന്നും എടുത്ത് മേശപുറത്ത വെച്ചശേഷം അവർ പോയി. അപ്പോൾ സമയം രാത്രി രണ്ടര. ഒരു പരിചയവുമില്ലാത്ത തനിക്കു വേണ്ടി ഉറക്കളച്ചു കഷ്ടപ്പെട്ടവരോട് അവൾക്ക് നന്ദിയുണ്ടായിരുന്നു.

തങ്കമ്മ നേരം വെളുത്ത് കണ്ണു തുറന്നു നോക്കുമ്പോൾ ഒരു വലിയ ബംഗ്ലാവിന്റെ മുകളിലത്തെ നിലയിലുള്ള ഒരു വലിയ മുറിയിൽ അവൾ ഒരു നിലക്കണ്ണാടിയുടെ മുൻപിൽ നിൽക്കുന്നു. ഭയങ്കര ക്ഷീണം. അവൾ പിന്നേയും കിടന്നുറങ്ങി. ഏതു ലോകത്താണ് എന്നറിവില്ലാതെ അവൾ വീണ്ടും ഉറങ്ങി. അമേരിക്കയും ഇന്ത്യയുമായുള്ള രാപകലന്തരം കാരണം നിദ്രാദേവി അവളെ നിർദയം അനുഗ്രഹിച്ചു. വീണ്ടും എഴുന്നേറ്റപ്പോൾ വളരെ സമയം വൈകിയിരുന്നു.

ആ വീടിന്റെ മുകൾ ഭാഗം മുഴുവൻ അവൾ പരതിയപ്പോൾ മനസ്സിലായി സമയം ഉച്ച പന്ത്രണ്ടര കഴിഞ്ഞു. ഭയങ്കര ക്ഷീണം, വിശപ്പ്. എന്തായാലും ആദ്യം പല്ല് തേക്കാം. കയ്യിൽ ബ്രഷുമായ്പോയപ്പോൾ അവിടെപേസ്റ്റ് മാതിരിഇരിക്കുന്നു. തുറന്ന് ഞെക്കിയപ്പോൾ ചാടി വരുന്നു, മണപ്പിച്ചു നോക്കി, നക്കി നോക്കി; അയ്യേ സോപ്പു ചുവ. പിന്നീട് ദിവസങ്ങൾ കഴിഞ്ഞപ്പോൾ മനസ്സിലായി - ഷേവിംഗ്ക്രീം ആയിരുന്നെന്ന്.

എന്തായാലും സ്വല്പം ചായയോ കാപ്പിയോ ഇട്ടു കുടിക്കാമെന്നു കരുതി: അവിടെ കണ്ട ഒരു ചെറിയ പാത്രം ചായ ഉണ്ടാക്കുന്നതാണെന്ന് മനസ്സിലാക്കി അതിൽ അല്പം വെള്ളമെടുത്ത് അടുപ്പത്തു വെച്ചു. കഴിഞ്ഞ ദീർഘകാലം ഉത്തരേന്ത്യയിലായിരുന്നതു മൂലം ചായ കുടി ശീലമാക്കി. അടുപ്പു കത്തിക്കാൻ അവിടെല്ലാം നോക്കിയിട്ടും ഒരു ലൈറ്ററോ തീപ്പെട്ടിയോ കണ്ടില്ല. പിന്നെ, ഈ കുന്തം എങ്ങിനെയാ കത്തിക്കുന്നത്? ആരോടാ ഇതൊക്കെ ചോദിക്കുന്നത്? ഒരു അടപ്പിന്റെ മുകളിൽ പാത്രവും വെള്ളവും വെച്ചു. ചുറ്റും നോക്കിയപ്പൊളാണ് അവിടെ കുറച്ച് ബട്ടൻസുകൾ കണ്ടത്. അതേൽ ഒന്നേൽ പിടിച്ചു തിരിച്ചു. പരമാവധി തിരിച്ചു. അങ്ങിനെ ആ നാലു ബട്ടണുകളും തിരിച്ചു. ഈ കുന്തം ഒന്നും കത്തുന്നില്ല. ഇനിയും എന്താണ് ചെയ്യേണ്ടത്. അപ്പോഴാണ് അവിടെ മൈക്രോഓവൻ കണ്ടത്. ഇങ്ങിനെ ഒരുകുന്തം ഇന്ത്യയിൽ എങ്ങും കണ്ടിട്ടില്ല. എന്തായാലും അതിനകത്ത് ഈ വെള്ള പാത്രം വെച്ച് എങ്ങാണ്ടെല്ലാം ഞെക്കി. ഭയങ്കര ഒരു ഒച്ച കേട്ടു. അതിനകത്തെല്ലാം പുകയുമായി. അപ്പോഴേക്കും അവൾക്ക് ഭയങ്കര ഭയമായി. അവിടെല്ലാം ഭയങ്കര നാറ്റവും. അവൾ ഭയന്ന് ഓടി മുകളിലുള്ള അവളുടെ മുറിയിൽ പോയി കതകടച്ച് കിടപ്പായി. ഈ വീട്ടുകാർ വരുമ്പോൾ അവളെ അവിടെ നിന്നും ഓടിക്കുമെന്ന് തീർച്ച ആയി. ആ കിടപ്പു കിടന്നവൾ വീണ്ടും ഉറങ്ങി, അതിഭയങ്കരമായി.

ആരുടേയോ സംസാരം കേട്ടാണ് അവൾ ഉണർന്നത്. ''ദൈവാധീനം കൊണ്ട് വീടിന് തീ പിടിച്ചില്ല.'' ചിന്നമ്മച്ചി പറയുന്നത് അവൾക്ക് കേൾക്കാം. അപ്പഴേക്കും അവൾ ഓടിച്ചെന്ന് കരഞ്ഞുകൊണ്ടു ഉണ്ടായ സംഭവങ്ങൾ എല്ലാം പറഞ്ഞു. ''സാരമില്ല; അത് എന്റെ കുറ്റം കൊണ്ടാണ്. ഞാൻ ഇതൊന്നും കാണിച്ച് മനസ്സിലാക്കാതെ പോയത് എന്റെ തെറ്റാണ്. അല്ലെങ്കിൽ ഇന്ന് പോകാതെ അവധി എടുത്ത് ഇവിടിരുന്ന് എല്ലാം കാണിച്ച് മനസ്സിലാക്കി തന്നിട്ട് ജോലിക്കു പോയാൽ മതിആയിരുന്നു. പൊന്നച്ചൻ, ചിന്നമ്മയുടെ ഭർത്താവ്, പെട്ടന്ന് കതകും ജനലും എല്ലാം തുറന്നിട്ടു. നാല് അടുപ്പും കത്താതെ ആ നാല് അടുപ്പിൽ നിന്നും ഗ്യാസ് മുഴുവനും കൊണ്ട് വീട് മുഴുവനും നിറഞ്ഞു. ''ഒരു തരി തീ പൊരി വീണിരുന്നെങ്കിൽ ഈ വീടു മുഴുവനും കത്തി പോകുമായിരുന്നു.'' പൊന്നച്ചൻ വിശദീകരിച്ചു പറഞ്ഞപ്പോഴാണ് അതിന്റെ ഗൗരവം അതുപോലെ മനസ്സിലാക്കാൻ അവൾക്ക് കഴിഞ്ഞത്.

പിന്നെ നോക്കിയപ്പോളാണ് മൈക്രോഓവൺ കത്തി പോയ കാര്യം മനസ്സിലായത്. ''സാരമില്ല; ഞങ്ങൾ വന്ന കാലത്തു വാങ്ങിച്ച വളരെ പഴക്കം ചെന്നതാണ്. വേറെ ഒരു പുത്തൻ ഒരെണ്ണം ഇപ്പോൾ വാങ്ങിച്ചു വെച്ചു കളയാം.

അവൾ ഇതുവരെ യാതൊന്നും കഴിച്ചിട്ടില്ലന്ന കാര്യം അപ്പോഴാണ് ചിന്നമ്മച്ചിക്കു മനസ്സിലാകുന്നത്. ചിന്നമ്മച്ചി അവളെകൊണ്ടു തന്നെ അടുപ്പു കത്തിച്ച് ചായയിട്ടുണ്ടാക്കി. അതിനിടയിൽ പെട്ടന്ന് പൊന്നച്ചൻ പോയി ഒരു പുത്തൻ മൈക്രോഓവൻ വാങ്ങി ശരിയാക്കി. അവളെകൊണ്ടു തന്നെ ഭക്ഷണങ്ങൾ എല്ലാം ചൂടാക്കി കഴിച്ചു. അവർ ഒന്നിനും അവളെ കുറ്റപ്പെടുത്തിയുമില്ല വഴക്കും പറഞ്ഞില്ല. അവരെ തന്നെ ആണ് കുറ്റപ്പെടുത്തിയത്. ഇതെല്ലാം കാണിച്ച് മനസ്സിലാക്കാതെ പെട്ടന്ന് ഓടി ജോലിക്കു പോയതു കൊണ്ട് പറ്റിയ അബദ്ധമാണെന്നായിരുന്നു അവരുടെ ഭാഗം. ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത അവളോട് അവർക്കുണ്ടായ സ്നേഹത്തിൽ അവൾക്ക് ആശ്ചര്യമായി. ഇങ്ങിനെ നല്ലവരാണ് യഥാർത്ഥത്തിൽ അമേരിക്കയിൽ വരേണ്ടതെന്നവൾക്ക് ബോദ്ധ്യമായി.